# കേരളത്തിലെ സ്കൂൾ വിദ്യാർത്ഥിയുടെ പ്രബന്ധത്തിന് അമേരിക്കയിൽ അംഗീകാരം

അമൃതപുരി: ഊർജ്ജ പ്രതിസന്ധിക്കും വൈദ്യുതി ക്ഷാമത്തിനും പരിഹാരം നിർദ്ദേശിച്ച് കേരളത്തിൽ നിന്നുള്ള സ്കൂൾ വിദ്യാർത്ഥി അമേരിക്കയിൽ സാങ്കേതിക വിദഗ്ധരുടെ ആഗോള സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിന് ശാസ്ത്രലോകത്തിന്റെ അംഗീകാരം. പുതിയകാവ് അമൃത വിദ്യാലയത്തിലെ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥി എസ്. അമൃതാനന്ദാണ് സാങ്കേതിക വിദഗ്ധരുടെ രാജ്യാന്തര സംഘടനയായ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയേഴ്സിന്റെ സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിച്ച് ശ്രദ്ധേയനായത്.

ഗ്രാമീണർക്ക് കിട്ടാക്കനിയായ വൈദ്യുതി അവരുടെ നിത്യ വാഹനമായ സൈക്കിളിന്റെ സഹായത്തോടെ ഉത്പാദിപ്പിക്കാനാകുമെന്ന ആശയമാണ് അമൃതാനന്ദ് അവതരിപ്പിച്ചത്. അമൃത സ്കൂൾ ഒഫ് എൻജിനിയറിംഗ് സെന്റർ ഫോർ വയർലെസ് നെറ്റ്‌വർക്ക് ആൻഡ് ആപ്ലിക്കേഷൻസിലെ വിദ്യാർത്ഥികളായ പി. ദിവ്യ, യു. ജി. ഗോഷ്, ടിനു വിനോദ് എന്നിവരും ഗവേഷണത്തിൽ പങ്കുചേർന്നു.


എസ്. അമൃതാനന്ദ്

അമൃത സെന്റർ ഫോർ വയർലെസ് നെറ്റ്‌വർക്ക് ആൻഡ് ആപ്ലിക്കേഷൻസ് ഡയറക്ടർ മനീഷ സുധീറിന്റെ മകനാണ്.

Scanned by CamScanner